## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 623 11.12..2012 ലെ മറുപടിയ്ക്ക്

### കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലൂടെ ഇതുവരെ എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്; | (എ) നാളിതുവരെ 5404 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ നിന്നും ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ലകൾക്ക് ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ചികിത്സാ ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ല തിരിച്ച് തുക മാറ്റി വച്ചിട്ടില്ല. |
| (സി) | ഈ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ പദ്ധതി വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) മൂന്ന് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപയാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. നിലവിൽ ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനുമാണ് ധനസഹായം ലഭിക്കുന്നത്. ചികിത്സ നടത്തുന്ന ആശുപത്രിയിൽനിന്നും ലഭിക്കുന്ന ചികിത്സാ ചെലവ് സംബന്ധിച്ച് എസ്റ്റിമേറ്റ് ഉൾപ്പെടെ അതത് ജില്ലകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയിന്മേൽ ജില്ലാ കമ്മിറ്റികളുടെ ശുപാർശയനുസരിച്ച് സംസ്ഥാനതല കമ്മിറ്റി ധനസഹായം ബന്ധപ്പെട്ട ആശുപത്രികളിലേക്ക് അനുവദിക്കുന്നു.<br><br>ഡയാലിസിസ് രോഗികളുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നതനുസരിച്ച് ചികിത്സ നൽകുന്നതിന് ആവശ്യമായ സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഇല്ലാത്തതിനാൽ ഇവ മെച്ചപ്പെടുത്തുന്നതിനായി ഡയാലിസിസ് രോഗികൾക്ക് അനുവദിക്കുന്ന ചികിത്സാ ധനസഹായ |

| | | |
|---|---|---|
| | | തുക മുൻകൂറായി നൽകി കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ പത്ത് മെഷീനടങ്ങുന്ന ഓരോ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഹീമോഫീലിയ രോഗികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായ ഫാക്ടറുകൾ ജില്ലയിലെ ഡെസിഗ്നേറ്റഡ് ആശുപത്രികളിലൂടെ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br><br>സർക്കാരിതര ആശുപത്രികളിലുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഉപഭോക്താക്കൾക്കുകൂടി സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഈ ആശുപത്രികളെയും ഈ പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.